പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വനവൽക്കരണ പദ്ധതി

2 [377] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സി.ദിവാകരൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വനവൽക്കരണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സുനാമി ദുരന്തം പോലെയുള്ള ആകസ്മിക വിപത്തുകളെ അതിജീവിക്കുന്നതിന് ഈ പദ്ധതികൊണ്ട് കഴിയുമെങ്കിൽ അതിന്റെ രൂപരേഖയും പ്രാവർത്തിക പദ്ധതികളും വിശദമാക്കുമോ?

ഉത്തരം

(എ, ബി) പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കടൽത്തീര വനവൽക്കരണത്തിനായി 2150 ലക്ഷം രൂപയും നദീതീര സംരക്ഷണത്തിനായി 370 ലക്ഷം രൂപയും, വീട്ടുവളപ്പിലും കൃഷിയിടങ്ങളിലും മരം നട്ടുപിടിപ്പിക്കുന്നതിനായി 1180 ലക്ഷം രൂപയും, പിന്നോക്ക പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി 750 ലക്ഷം രൂപയും ഇൻഫ്രാസ്ട്രക്ചറിനായി 300 ലക്ഷം രൂപയും, ഗവേഷണം, പരിശീലനം, പ്രചരണം എന്നിവയ്ക്കായി 250 ലക്ഷം രൂപയും, ഓവർഹെഡ്സ് 500 ലക്ഷം രൂപയും അടക്കം 55 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2005-2006-ൽ തുടങ്ങി 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കടൽത്തീരത്ത് ജനപങ്കാളിത്തത്തോടെ കാറ്റാടി തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന ഹരിതതീരം എന്നൊരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിലെ 17 കി. മീറ്ററോളം കടൽത്തീരത്ത് ജനങ്ങളുടേയും മാതാ അമൃതാനന്ദമയി മഠത്തിന്റെയും സഹകരണത്തോടെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നു. സുനാമി ബാധിത പ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനായി 7,55,000 കാറ്റാടിമരത്തിന്റെ തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

പുഴകളുടെ സംരക്ഷണം

3 [378] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പുഴകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly